REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-05-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു പത്മ അവാർഡുകൾ ഇന്ന് സമ്മാനിക്കും.
- തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് ഇന്ന് മഞ്ഞ ജാഗ്രത.
- അടുത്ത ദിവസങ്ങളിലും വിമാന സർവീസുകളിൽ കുറവ് വരുത്തുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ്സ്. കണ്ണൂരിൽ ഇന്ന് പത്ത് സർവീസുകൾ റദ്ദാക്കി.
- ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ ഫലങ്ങൾ ഉച്ച കഴിഞ്ഞ് പ്രഖ്യാപിക്കും.
- ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ K.P യോഹന്നാൻ അന്തരിച്ചു.
- IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പത്മ അവാർഡുകൾ സമ്മാനിക്കും.

പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ പുരസ്ക്കാരങ്ങളാണ് രാഷ്ട്രപതി സമ്മാനിക്കുന്നത്. കല, സാമൂഹിക പ്രവർത്തനം, പൊതുകാര്യങ്ങൾ, ശാസ്ത്രം,

എഞ്ചിനീയറിംഗ്, വ്യാപാരം, വ്യവസായം, വൈദ്യം, സാഹിത്യം, വിദ്യാഭ്യാസം, കായികം, സിവിൽ സർവീസ് തുടങ്ങി വിവിധ വിഷയങ്ങളിലും പ്രവർത്തന മേഖലകളിലും ആണ് അവാർഡുകൾ.

കഴിഞ്ഞ മാസം 22ന് മൂന്ന് പത്മവിഭൂഷൺ, എട്ട് പത്മഭൂഷൺ, 55 പത്മശ്രീ പുരസ്കാരങ്ങൾ രാഷ്ട്രപതി സമ്മാനിച്ചിരുന്നു.

✪✪✪

നാലാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിയ്ക്കും. 9 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 96 മണ്ഡലങ്ങളിൽ തിങ്കളാഴ്ചയാണ് വോട്ടെടുപ്പ്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്........

ആന്ധ്രപ്രദേശിലെ 25-ഉം ഉത്തർപ്രദേശിലെ 14-ഉം തെലങ്കാനയിലെ 17-ഉം മഹാരാഷ്ട്രയിലെ 11-ഉം മധ്യപ്രദേശിലെയും പശ്ചിമബംഗാളിലെയും എട്ട് വീതവും മണ്ഡലങ്ങളിൽ ഈ ഘട്ടത്തിലാണ് പോളിംഗ്. ബീഹാറിലെ അഞ്ചും ജാർഖണ്ഡിലെയും ഒഡീഷയിലെയും നാല് വീതവും ജമ്മുകശ്മീരിലെ ഒന്നും മണ്ഡലങ്ങളും തിങ്കളാഴ്ച ബൂത്തിലെത്തും.

അഞ്ചും ആറും ഏഴും ഘട്ടങ്ങളിലായി വോട്ടെടുപ്പ് പൂർത്തിയാക്കുന്ന 164 മണ്ഡലങ്ങളിൽ പ്രചാരണം

ഉച്ചസ്ഥായിയിലാണ്. വിവിധ പാർട്ടികളുടെ ദേശീയ നേതാക്കളും പ്രചാരണത്തിന് നേതൃത്വം നൽകി വരുന്നു.

✪✪✪

നാലാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകൾ തിരഞ്ഞെടുപ്പ് കമ്മീഷൻ 354 നിരീക്ഷകരുമായി വീഡിയോ കോൺഫറൻസിംഗിലൂടെ അവലോകനം ചെയ്തു. നാലാം ഘട്ട വോട്ടെടുപ്പ് സുഗമവും സ്വതന്ത്രവും നീതിയുക്തവും ആണെന്ന് ഉറപ്പാക്കാൻ യോഗത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ നിർദ്ദേശം നൽകി.

✪✪✪

സംസ്ഥാനത്ത് മൂന്ന് ജില്ലകളിൽ ഇന്ന് ഉഷ്ണതരംഗ മുന്നറിയിപ്പ്. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

അതേസമയം സംസ്ഥാനത്ത് പലയിടങ്ങളിലും ഇന്നലെ മഴ ലഭിച്ചു. ഇന്നും നാളെയും ഇടിമിന്നലോട് കൂടി മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ലക്ഷദ്വീപിൽ ശനി, ഞായർ ദിവസങ്ങളിൽ ഇടിമിന്നലിനും 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ മറ്റന്നാൾ മഞ്ഞ ജാഗ്രതാ നിർദേശവും നൽകിയിട്ടുണ്ട്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള, കർണാടക, ലക്ഷദ്വീപ്, തെക്കൻ തമിഴ് നാട് തീരങ്ങളിൽ ഇന്ന് രാത്രി പതിനൊന്നര വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരളത്തിൽ തിരമാല 1.6 മീറ്റർ വരെയും കർണാടകയിൽ 1.5 മീറ്റർ വരെയും ലക്ഷദ്വീപിൽ 2 മീറ്റർ വരെയും തെക്കൻ തമിഴ്നാട് തീരത്ത് 1.7 മീറ്റർ വരെയും തിരമാല ഉയർന്നേക്കുമെന്നാണ് മുന്നറിയിപ്പ്.

✪✪✪

കൊച്ചിയിൽ ഇന്നലെ വൈകിട്ട് പെയ്ത കനത്ത മഴയിലും കാറ്റിലും ഇടപ്പള്ളിക്ക് സമീപം മരങ്ങൾ വീണ് വൈദ്യുതി കേബിൾ പൊട്ടിയതിനെ തുടർന്ന് ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. രണ്ടരമണിക്കൂറിനു ശേഷം ഗതാഗതം പുന: സ്ഥാപിച്ചു. കണ്ണൂരിലേക്കുള്ള ജനശതാബ്ദി, തിരുവനന്തപുരം - ചെന്നൈ മെയിൽ തുടങ്ങിയ ട്രെയിനുകൾ വിവിധ സ്റ്റേഷനുകളിൽ പിടിച്ചിട്ടു. വൈകിട്ട് പല ട്രെയിനുകളും വൈകിയാണ് ഓടിയത്.

മഴയെ തുടർന്ന് കൊച്ചി നഗരത്തിൽ പല സ്ഥലങ്ങളിലും ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടു.

✪✪✪

അടുത്ത ദിവസങ്ങളിലും എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാന സർവീസുകളിൽ കുറവ് വരുത്തുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ്സ് CEO അലോക് സിങ് അറിയിച്ചു. ഡ്യൂട്ടിക്ക് തൊട്ടു

മുൻപായി അസുഖമാണെന്ന് കാണിച്ച് ഭൂരിഭാഗം ക്യാബിൻ ക്രൂകളും അവധിയിൽ പോകുന്നത് കൊണ്ടാണിതെന്ന് അദ്ദേഹം പറഞ്ഞു.

രാജ്യത്ത് ഇന്നലെ 90 ലേറെ എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാനങ്ങൾ റദ്ദാക്കേണ്ടി വന്നെന്ന് CEO പ്രസ്താവനയിൽ അറിയിച്ചു. കഴിഞ്ഞ ദിവസം 100 ലേറെ ക്യാബിൻ ക്രൂകളാണ് അസുഖമാണെന്ന് കാണിച്ച് അവധിയിൽ പോയതെന്നും അദ്ദേഹം പറഞ്ഞു.

അതിനിടെ, വിമാനങ്ങൾ റദ്ദാക്കിയതിനെ കുറിച്ച് കേന്ദ്ര വ്യോമയാന മന്ത്രാലയം എയർ ഇന്ത്യ എക്സ്പ്രസിനോട് വിശദീകരണം ആവശ്യപ്പെട്ടു. പ്രശ്നം ഉടൻ പരിഗണിക്കണമെന്നും മന്ത്രാലയം നിർദേശം നൽകി.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും തിരിച്ചും എയർ ഇന്ത്യ എക്സ്പ്രസിന്റെ 10 വിമാന സർവീസുകളാണ് ഇന്ന് റദ്ദാക്കിയത്. കണ്ണൂരിൽ നിന്ന് റാസൽഖൈമ, കുവൈറ്റ്, ബഹറിൻ, മസ്കറ്റ്,ദമാം, അബുദാബി എന്നിവിടങ്ങളിലേക്കു സർവീസും കണ്ണൂരിലേക്കു ഷാർജ, മസ്കറ്റ്, അബുദാബി, ദമാം എന്നിവിടങ്ങളിൽ നിന്നുള്ള സർവീസും ആണ് റദ്ദ് ചെയ്തത്.

ദോഹയിൽ നിന്നും അബുദാബിയിൽ നിന്നും രാവിലെ കൊച്ചിയിലേക്കുള്ള എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് തടസ്സപ്പെട്ടിട്ടില്ല. മസ്കറ്റ്, ബഹറിൻ, ദുബായ് എന്നിവിടങ്ങളിലേക്ക് വൈകിട്ടുള്ള ഫ്ലൈറ്റുകൾ നിലവിൽ

ഷെഡ്യൂൾ ചെയ്തതായാണ് അറിയിച്ചിരിക്കുന്നത്.എന്നാൽ കൊച്ചിയിൽ നിന്നും ഹൈദരാബാദ്, കൊൽക്കത്ത എന്നിവിടങ്ങളിലേക്കു ആഭ്യന്തര സർവീസുകൾ റദ്ദാക്കി.

തിരുവനന്തപുരത്ത് നിന്ന് പുലർച്ചെ 1.10 ന് അബുദാബിയിലേക്ക് പുറപ്പെടേണ്ട വിമാനവും റദ്ദാക്കി. തിരുവനന്തപുരത്ത് നിന്ന് രാത്രി 10.10 ന് ദമാമിലേക്ക് പോകേണ്ട വിമാനവും റദ്ദാക്കിയിരുന്നു.

✪✪✪

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ ഫലങ്ങൾ ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് മന്ത്രി വി ശിവൻകുട്ടി പ്രഖ്യാപിക്കും. ഔദ്യോഗിക ഫല പ്രഖ്യാപനത്തിന് ശേഷം www.result.kerala.gov.in എന്ന വെബ്സൈറ്റിലൂടെയും PRD വെബ്സൈറ്റ് വഴിയും ഫലം അറിയാം.

നാല് ലക്ഷത്തി 41,120 വിദ്യാർത്ഥികളാണ് പ്ലസ്ടു പരീക്ഷ എഴുതിയത്. 27,798 കുട്ടികളാണ് VHSE ഫലം കാത്തിരിക്കുന്നത്.

✪✪✪

SSLC പുനർ മൂല്യനിർണ്ണയത്തിന് ഇന്ന് മുതൽ അപേക്ഷിക്കാം. 15 വരെയാണ് അപേക്ഷ സ്വീകരിക്കുന്നത്. സേ പരീക്ഷ ഈ മാസം 28 മുതൽ ജൂൺ ആറു വരെയാണ്.

പ്ലസ് വൺ പ്രവേശനത്തിന് ഈ മാസം 16 മുതൽ അപേക്ഷ നൽകാം. ട്രയൽ അലോട്ട്മെന്റ് മെയ് 29 നും ആദ്യ

അലോട്ട്മെന്റ് ജൂൺ അഞ്ചിനും നടത്തും. ജൂൺ 24 നാണ് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്നത്.

✪✪✪

ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ K.P യോഹന്നാൻ അന്തരിച്ചു. അദ്ദേഹത്തിന് 74 വയസായിരുന്നു. അമേരിക്കയിൽ വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം. ചൊവ്വാഴ്ച പ്രഭാത നടത്തത്തിനിടെ വാഹനമിടിച്ചാണ് അദ്ദേഹത്തിന് പരിക്കേറ്റത്.

അപ്പർ കുട്ടനാട്ടിലെ നിരണം കടപ്പിലാരിൽ കുടുംബാംഗമായ യോഹന്നാൻ ഗോസ്പൽ ഫോർ ഏഷ്യ എന്ന പ്രസ്ഥാനത്തിലൂടെയാണ് സുവിശേഷ പ്രവർത്തന രംഗത്തെത്തിയത്.

2003 ലാണ് ബിലീവേഴ്സ് ചർച്ച് എന്ന സഭയ്ക്ക് രൂപം നൽകിയത്.

✪✪✪

ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ സംഗീത് ശിവന്റെ ഭൗതിക ദേഹം ഇന്ന് വൈകിട്ട് മുംബൈയിൽ സംസ്കരിക്കും. മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെയായിരുന്നു 65 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. യോദ്ധ, ഗാന്ധർവ്വം, നിർണയം തുടങ്ങി നിരവധി സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്.

ഹിന്ദിയിൽ 8 സിനിമകളും സംവിധാനം ചെയ്തു. 1990 ൽ പുറത്തിറങ്ങിയ വ്യൂഹം എന്ന സിനിമയിലൂടെയാണ്, സംവിധാന രംഗത്തേക്ക് പ്രവേശിച്ചത്.

ജോണി എന്ന സിനിമയിലൂടെ, കുട്ടികളുടെ മികച്ച ചിത്രത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം സംഗീത് ശിവൻ നേടി.

സംഗീത് ശിവന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി.

✪✪✪

IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ പത്ത് വിക്കറ്റിന് പരാജയപ്പെടുത്തി. ഹൈദരാബാദിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ലഖ്നൗ സൂപ്പർ ജയന്റ്സ് നിശ്ചിത 20 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 165 റൺസെടുത്തു.

മറുപടി ബാറ്റിങ്ങിൽ സൺറൈസേഴ്സ് ഹൈദരാബാദ് 9.4 ഓവറിൽ വിക്കറ്റ് നഷ്ടപെടാതെ 167 റൺസെടുക്കുകയായിരുന്നു.

ഇന്ന് പഞ്ചാബ് കിംഗ്സ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. വൈകീട്ട് 7.30 ന് ധർമ്മശാലയിലാണ് മത്സരം.

✪✪✪

അഖിലേന്ത്യാ അന്തർ സർവകലാശാലാ വനിതാ നെറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് സർവകലാശാലക്ക്

കിരീടം. കേരളയെ 44-22 ന് തോൽപ്പിച്ചാണ് കാലിക്കറ്റ് ജേതാക്കളായത്. ലൗലി പ്രൊഫഷണൽ യൂണിവേഴ്സിറ്റി പഞ്ചാബിനെ തോല്പിച്ച് എം.ജി. സർവകലാശാലാ മൂന്നാം സ്ഥാനം നേടി.

✪✪✪

പൊതുമേഖലാ സ്ഥാപനമായ കോഴിക്കോട് ചെറുവണ്ണൂരിലെ സ്റ്റീൽ കോംപ്ളക്സ്, ഛത്തീസ്ഗഡ് ഔട്ട്സോഴ്സിംഗ് സർവ്വീസിന് കൈമാറണമെന്ന നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഉത്തരവിനെതിരെ അപ്പീൽ നൽകാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചു. ഗവൺമെന്റ് നിശ്ചയിച്ച പാട്ട വ്യവസ്ഥക്ക് വിരുദ്ധമായും സംസ്ഥാന ഗവൺമെന്റിനെ കേൾക്കാതെയുമാണ് ട്രിബ്യൂണൽ വിധിയെന്ന് കാണിച്ചാകും അപ്പീൽ നൽകുകയെന്ന് മന്ത്രി P. രാജീവ് അറിയിച്ചു. കേന്ദ്ര പൊതുമേഖലയിലെ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ളക്സ് ലിമിറ്റഡും ചേർന്ന സംയുക്ത സംരംഭമാണ് കൈമാറാൻ ട്രിബ്യൂണൽ ഈ മാസം രണ്ടിന് ഉത്തരവിട്ടത്.

കാനറാ ബാങ്കിൽ നിന്ന് 2013 ൽ സ്ഥാപനമെടുത്ത 45 കോടി രൂപയുടെ വായ്പാതിരിച്ചടവിൽ വീഴ്ചയുണ്ടായെന്ന് കാണിച്ച്, ഛത്തീസ്ഗഡ് ഔട്ട്സോഴ്സിംഗ് ലിമിറ്റഡ് സമർപ്പിച്ച റെസല്യൂഷൻ പദ്ധതിയനുസരിച്ചായിരുന്നു കമ്പനി കൈമാറാൻ ഉത്തരവ്.

✪✪✪

പൊതുമേഖലാ സ്ഥാപനമായ കോഴിക്കോട് ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ് സ്വകാര്യ കമ്പനിയിൽ നിന്ന് തിരിച്ചു പിടിക്കാൻ സംസ്ഥാന ഗവൺമെന്റ് അടിയന്തര നടപടി കൈക്കൊളളണമെന്ന് BJP കോഴിക്കോട് ജില്ലാപ്രസിഡന്റ് V.K.സജീവൻ ആവശ്യപ്പെട്ടു. സ്റ്റീൽ കോംപ്ലക്സ് സ്വകാര്യ കമ്പനിയുടെ കയ്യിലെത്തിയത് സംസ്ഥാന ഗവൺമെന്റിന്റെ കുറ്റകരമായ അനാസ്ഥമൂലമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. 2022 നവമ്പർ 24ന് ലോ ട്രൈബ്യൂണലിനോട് 107 കോടി അടക്കാൻ 7 ദിവസത്തെ സാവകാശം ചോദിച്ച സംസ്ഥാന ഗവൺമെന്റ് ഇക്കാലമത്രയും എന്തെടുക്കുകയായിരുന്നുവെന്നും സജീവൻ ചോദിച്ചു.

✪✪✪

കോഴിക്കോട് ചെറുവണ്ണൂർ സ്റ്റീൽ കോപ്ലക്സ് വിഷയത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നും അനാസ്ഥയുണ്ടായെന്ന് DCC പ്രസിഡന്റ് പ്രവീൺ കുമാർ കുറ്റപ്പെടുത്തി. വിഷയത്തിൽ പാർട്ടി ഗൗരവമായി ഇടപെടുമെന്ന് അദ്ദേഹം പറഞ്ഞു. കോഴിക്കോട്, വടകര മണ്ഡലങ്ങളിൽ UDF ഉജ്വല വിജയം നേടുമെന്ന് കോൺഗ്രസ് യോഗം വിലയിരുത്തിയതായി അദ്ദേഹം അറിയിച്ചു.

വടകരയിൽ തെരഞ്ഞടുപ്പുമായി ബന്ധപ്പെട്ട് LDF-ന്റെ തെറ്റായ പ്രചാരണങ്ങൾക്കെതിരെ മറ്റന്നാൾ നടക്കുന്ന ജനകീയ ക്യാംപയിൻ പ്രതിപക്ഷ നേതാവ് V.D സതീശൻ ഉദ്ഘാടനം ചെയ്യുമെന്നും പ്രവീൺ കുമാർ അറിയിച്ചു.

✪✪✪

ഡോക്ടർ വന്ദന ദാസ് കൊലക്കേസിൽ കുറ്റപത്രത്തിൻമേൽ വാദവും, പ്രതിഭാഗം നൽകിയ വിടുതൽ ഹർജി പരിഗണിക്കുന്നതും കോടതി ഈ മാസം 22 ലേക്ക് മാറ്റി. ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുന്ന പ്രതി ജി. സന്ദീപിനെ ഇന്നലെ കൊല്ലം കോടതിയിൽ ഹാജരാക്കിയിരുന്നു. കുറ്റപത്രത്തിലെ ആരോപണങ്ങൾ ചോദ്യംചെയ്താണ് പ്രതിഭാഗം വിടുതൽ ഹർജി നൽകിയത്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഡ്യൂട്ടിക്കിടെ ഡോക്ടർ വന്ദനദാസ് കൊല്ലപ്പെട്ടിട്ട് നാളെ ഒരു വർഷം പൂർത്തിയാകും.

✪✪✪

കണ്ണൂർ ആറളം ഫാമിൽ തമ്പടിച്ച കാട്ടാനകളെ തുരത്തുന്ന നടപടി തുടരുന്നു. നാലാംഘട്ടത്തിൽ 5 ആനകളെയാണ് കാട്ടിലേക്ക് തുരത്തിയത്. ആനകൾ തിരിച്ചെത്തുന്നത് തടയുന്നതിനായി വൈദ്യുത കമ്പി വേലി സ്ഥാപിച്ചു.

✪✪✪

മഞ്ഞപ്പിത്തം, എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികളുടെ വ്യാപനത്തിനെതിരെ കോഴിക്കോട് കോർപ്പറേഷൻ നടപടി കർശനമാക്കും. ജില്ലാ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ മേയറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലാണ് തീരുമാനം. കൊതുക് ജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി കൊതുകുകളുടെ സ്രോതസ്സുകൾ നശിപ്പിക്കുന്നതിന് വീടുകളിൽ ഡ്രൈ ഡേ ആചരിക്കുന്നതിനും പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ച്

**വീടുകളിൽ പരിശോധന നടത്തി ഇക്കാര്യം ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കും.**